ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 13.03.2026**

## പ്രധാനവാർത്തകൾ

1) പിഎം കിസാൻ സമ്മാൻ നിധിയുടെ 22-◌ാ◌ം ഗഡു വിതരണം പ്രധാനമന്ത്രി നരേന്ദ്രമോദി അസമിൽ നിർവഹിച്ചു. കർഷകരുടെ സാമൂഹിക സുരക്ഷ പദ്ധതിയിലൂടെ ഉറപ്പുവരുത്തിയതായി പ്രധാനമന്ത്രി.
2) പശ്ചിമേഷ്യൻ സംഘർഷത്തിൻറെ പശ്ചാത്തലത്തിൽ രാജ്യത്തെ ഊർജ്ജവിതരണം സുഗമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് കേന്ദ്രസർക്കാർ. എൽപിജി ഉത്പാദനം 30 ശതമാനം വർദ്ധിപ്പിച്ചതായി പെട്രോളിയം, പ്രകൃതി വാതക മന്ത്രാലയം.
3) പെട്രോൾ, ഡീസൽ ഉത്പാദനത്തിൽ രാജ്യം സ്വയംപര്യാപ്തമാണെന്നും, ഗാർഹിക ഉപഭോക്താക്കൾക്ക് എൽപിജി തടസ്സം കൂടാതെ വിതരണം ചെയ്യുമെന്നും കേന്ദ്രം.
4) പാർലമെൻറിൻറെ ഇരുസഭകളും നടപടികൾ പൂർത്തിയാക്കി ഇന്നത്തേക്ക് പിരിഞ്ഞു. ധനവിനിയോഗ ബില്ലിന് അംഗീകാരം നൽകി ലോക്സഭ.
5) നിയമസഭ തിരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് 85 ശതമാനത്തിലേറെ പോളിംഗ് ഉറപ്പാക്കുകയാണ് ലക്ഷ്യമെന്ന് മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു ഖേൽക്കർ.
6) ഐഎസ്എല്ലിൽ നാളെ കേരള ബ്ലാസ്റ്റേഴ്സ് - ഈസ്റ്റ് ബംഗാൾ പോരാട്ടം.

****************

PNU TVPM

## പ്രധാനമന്ത്രി -അസം

പിഎം കിസാൻ സമ്മാൻ നിധിയുടെ 22-ാം ഗഡു വിതരണം പ്രധാനമന്ത്രി നരേന്ദ്രമോദി അസമിൽ അൽപസമയം മുൻപ് നിർവഹിച്ചു. 9 കോടി 32 ലക്ഷത്തിലധികം കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് 18,640 കോടി രൂപയാണ് ഇതിലൂടെ കൈമാറിയത്. കർഷകരുടെ സാമൂഹിക സുരക്ഷ ഉറപ്പുവരുത്തുന്നതിനായാണ് കിസാൻ സമ്മാൻ നിധി രാജ്യത്ത് നടപ്പാക്കുന്നതെന്ന് പ്രധാനമന്ത്രി ചടങ്ങിൽ പറഞ്ഞു.

(ഹോൾഡ്)

രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് അസമിലെത്തിയ പ്രധാനമന്ത്രി ഗുവാഹട്ടിയിൽ നിരവധി വികസന പദ്ധതികളുടെ ഉദ്ഘാടനവും, ശിലാസ്ഥാപനവും നിർവഹിച്ചു. സിൽചാറിൽ നാളെ 24,205 കോടി രൂപയുടെ വികസന പദ്ധതികൾക്കും, കൊൽക്കത്തയിൽ 18,680 കോടിയുടെ പദ്ധതികളുടെ അദ്ദേഹം തുടക്കം കുറിക്കും.

****************

## വെസ്റ്റ് ഏഷ്യ ബ്രീഫിങ്

പശ്ചിമേഷ്യൻ സംഘർഷത്തിൻറെ പശ്ചാത്തലത്തിൽ ചരക്ക് ഗതാഗതവും , ഇന്ധന നീക്കവും സംബന്ധിച്ച തത്സ്ഥിതി വിശദീകരിച്ചുകൊണ്ട് വിവിധ മന്ത്രാലയ പ്രതിനിധികൾ സംയുക്ത വാർത്താ സമ്മേളനം നടത്തി. മേഖലയിലെ ഇന്ത്യൻ പൗരന്മാരുടെ സുരക്ഷ ഉറപ്പാക്കേണ്ടതിൻറെ പ്രാധാന്യം അറിയിച്ച് ഇറാൻ പ്രസിഡൻറ് മസൂദ് പെസഷ്കിയാനുമായി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്നലെ സംഭാഷണം നടത്തിയതായി വിദേശകാര്യ വക്താവ് രൺധീർ ജയ്സ്വാൾ പറഞ്ഞു. മേഖലയിലെ ഇന്ത്യക്കാരുടെ പ്രശ്നങ്ങൾക്ക് സത്വര പരിഹാരം കാണുന്നതിനായി വിദേശകാര്യ മന്ത്രാലയം സജ്ജീകരിച്ച കൺട്രോൾ റൂമിൽ ഇതുവരെ 900 ലേറെ ഫോൺ കോളുകളും, 200 ഓളം ഇമെയിലുകളും ലഭിച്ചതായും അദ്ദേഹം വ്യക്തമാക്കി. ഹോർമുസ് കടലിടുക്കിന് പടിഞ്ഞാറായി ഇന്ത്യൻ പതാക വഹിച്ച 24 കപ്പലുകളും, കിഴക്കായി മൂന്ന് കപ്പലുകളും സ്ഥിതി ചെയ്യുന്നതായി പോർട്ട്, ഷിപ്പിങ്ങ് സ്പെഷ്യൽ സെക്രട്ടറി രാജേഷ് സിൻഹ പറഞ്ഞു

****************

RNU TVPM

## സുജാത ശർമ (ഇൻട്രോ)

പെട്രോൾ, ഡീസൽ ഉത്പാദനത്തിൽ ഇന്ത്യ സ്വയംപര്യാപ്തമാണെന്നും, രാജ്യത്തെ എല്ലാ റിഫൈനറികളും പൂർണ ശേഷിയിൽ പ്രവർത്തിക്കുന്നതായും പെട്രോളിയം, പ്രകൃതിവാതക മന്ത്രാലയം ജോയിൻറ് സെക്രട്ടറി സുജാത ശർമ പറഞ്ഞു. ഗാർഹിക ഉപഭോക്താക്കൾക്ക് എൽപിജി തടസ്സം കൂടാതെ വിതരണം ചെയ്യാൻ നടപടികൾ സ്വീകരിച്ചു. ആശുപത്രികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്കും എൽപിജി ലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. രാജ്യത്തെ എൽപിജി ഉത്പാദനം 30 ശതമാനം വർദ്ധിപ്പിച്ചതായും ശ്രീമതി സുജാത ശർമ അറിയിച്ചു. 25,000 വരുന്ന വിതരണക്കാരുടെ പക്കൽ എൽപിജി ഇല്ലാത്ത അവസ്ഥ നിലനിൽക്കുന്നില്ലെന്നും, വ്യാജ പ്രചാരണങ്ങൾ വിശ്വസിക്കരുതെന്നും ജോയിൻറ് സെക്രട്ടറി വ്യക്തമാക്കി. കരിഞ്ചന്തയും, പൂഴ്ത്തിവയ്പ്പു തടയാൻ കർശന നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ഹോൾഡ്)

****************

## പശ്ചിമേഷ്യ-സംഘർഷം

പശ്ചിമേഷ്യയിൽ സംഘർഷം രൂക്ഷമായി തുടരുകയാണ്. എണ്ണവിലയിലെ വൻ വർദ്ധന ആഗോള വിപണിയെ സാരമായി ബാധിച്ചിട്ടുണ്ട്. പശ്ചിമേഷ്യൻ സംഘർഷം ആഗോള സമ്പദ്വ്യവസ്ഥയെ തകർക്കാൻ ശേഷിയുള്ള ദീർഘകാല യുദ്ധമായി മാറിയേക്കാമെന്ന് ഇറാൻ മുന്നറിയിപ്പ് നൽകി. ഹോർമുസ് കടലിടുക്കിന്റെ നിയന്ത്രണം ഇപ്പോഴും തങ്ങളുടെ പക്കലാണെന്നും അമേരിക്കയുമായും ഇസ്രായേലുമായും ബന്ധമുള്ള സാമ്പത്തിക അടിസ്ഥാന സൗകര്യങ്ങളെ ലക്ഷ്യം വെക്കുമെന്നും ഇറാൻ വ്യക്തമാക്കി. ഇറാനെതിരെയുള്ള വ്യോമാക്രമണം അമേരിക്കയും ഇസ്രയേലും ശക്തമാക്കിയതിന് പിന്നാലെ യുഎഇ ഉൾപ്പെടെയുള്ള ഗൾഫ് രാജ്യങ്ങൾക്ക് നേരെ ഇറാൻ ആക്രമണം വ്യാപിപ്പിച്ചു. വ്യോമാതിർത്തി ലംഘിച്ചെത്തിയ നിരവധി ഡ്രോണുകളെ വെടിവെച്ചിട്ടതായി സൗദി അറേബ്യ അറിയിച്ചു.

****************

## പാർലമെൻറ്

പാർലമെൻറിൻറെ ഇരുസഭകളും നടപടികൾ പൂർത്തിയാക്കി ഇന്നത്തേക്ക് പിരിഞ്ഞു. വിവിധ വിഷയങ്ങളെച്ചൊല്ലിയുള്ള പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെൻറ് ഇന്നും പ്രക്ഷുബ്ധമായിരുന്നു. ഉപധനാഭ്യർത്ഥനകൾക്കും, ധനവിനിയോഗ

RNU TVPM

ബില്ലിനും ലോക്സഭ ഇന്ന് അംഗീകാരം നൽകി. ധനാഭ്യർത്ഥന സംബന്ധിച്ച ചർച്ചയ്ക്ക് ധനമന്ത്രി നിർമല സീതാരാമൻ ലോക്സഭയിൽ മറുപടി നൽകി . രണ്ട് ലക്ഷത്തി 81,000 രൂപയുടെ ഉപധനാഭ്യർത്ഥനകളാണ് പാർലമെൻറിൻറെ പരിഗണനയിൽ വന്നത്. ട്രാൻസ്ജെൻഡർ വ്യക്തികളുടെ അവകാശ സംരക്ഷണ ഭേദഗതി ബിൽ, 2026 കേന്ദ്ര മന്ത്രി വീരേന്ദ്രകുമാർ ഇന്ന് സഭയിൽ അവതരിപ്പിച്ചു.

****************

## മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ

നിയമസഭ തിരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് 85 ശതമാനത്തിലേറെ പോളിംഗ് ഉറപ്പാക്കാനാണ് ലക്ഷ്യമിടുന്നതെന്ന് മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു ഖേൽക്കർ. ലോകത്തെ തന്നെ ഏറ്റവും മാതൃകാപരമായ തിരഞ്ഞെടുപ്പ് കേരളത്തിൽ നടപ്പാക്കാനാണ് കേന്ദ്ര തെരഞ്ഞടുപ്പ് കമ്മീഷൻ ഉദ്ദേശിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. നിയമസഭാ തിരഞ്ഞെടുപ്പ് മുന്നൊരുക്കങ്ങൾ വിലയിരുത്താൻ തിരുവനന്തപുരത്ത് വിളിച്ചു ചേർത്ത ജില്ലാ കളക്ടർമാരുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു ശ്രീ ഖേൽക്കർ. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർമാരുടെ മേൽനോട്ടം ഉണ്ടാകണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

****************

RNUTVPM

## കോഴിക്കോട്- തെരഞ്ഞെടുപ്പ് ഒരുക്കം(INTRO)

നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കോഴിക്കോട് ജില്ലയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി നിയോഗിച്ച നോഡൽ ഓഫീസർമാരുടെ റിട്ടേണിങ് ഓഫീസർമാരുടെയും യോഗം കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്നു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർബാബു.

(വോയ്സ്)

****************

## ശബരിമല

മീനമാസ പൂജയ്ക്കായി ശബരിമല ക്ഷേത്ര നട നാളെ വൈകിട്ട് അഞ്ചിനു തുറക്കും. നാളെ പൂജകൾ ഒന്നും തന്നെ ഉണ്ടാവില്ല. മീനം

ഒന്നായ മറ്റന്നാൾ രാവിലെ അഞ്ചിനാണ് നട തുറക്കുക. ഈ മാസം 19 വരെ നീളുന്ന മാസ പൂജകൾക്കു ശേഷം അടയ്ക്കുന്ന നട പൈങ്കുനി ഉത്രം ഉത്സവത്തിനായി
22ന് വൈകിട്ട് വീണ്ടും തുറക്കും.

****************

## യുവ സംഗം – ഘട്ടം

കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ ഏക് ഭാരത് ശ്രേഷ്ഠ ഭാരത് പദ്ധതിയുടെ ഭാഗമായി നടത്തുന്ന യുവ സംഗമം – ഘട്ടം നാലിന് IIM കോഴിക്കോട് ,IIM ജമ്മുവുമായി ചേർന്ന് യുവജന സംഘങ്ങൾക്ക് ആതിഥ്യം വഹിക്കും. കേരളത്തിലും ലക്ഷദ്വീപിലുമുള്ള യുവാക്കൾക്ക് ഇതിലൂടെ ജമ്മു–കശ്മീറും ലഡാക്കും സന്ദർശിക്കാൻ അവസരം ലഭിക്കും. യുവസംഗമത്തിനായി ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. 18 മുതൽ 30 വയസ് വരെ പ്രായമുള്ള യുവജനങ്ങൾക്ക് ഔദ്യോഗിക പോർട്ടലുകൾ വഴി ഈ മാസം 18 വരെ അപേക്ഷകൾ സമർപ്പിക്കാം

RNU TVPM

****************

## ഹിന്ദി പ്രചാരസഭ

കേരള ഹിന്ദി പ്രചാര സഭ നടത്തുന്ന ദ്വിവൽസര ആചാര്യ ബി എഡ് കോഴ്സ് ഹൈസ്കൂൾ-ഹയർ സെക്കണ്ടറി അദ്ധ്യാപക യോഗ്യതയായി അംഗീകരിച്ച് സംസ്ഥാന സർക്കാർ ഉത്തരവായി. എന്നാൽ പ്രസ്തുത യോഗ്യത പ്രഥമാധ്യാപക തസ്തികയിലേക്കോ പ്രിൻസിപ്പൽ തസ്തികയിലേക്കോ ബി.എഡിനു തുല്യമായി പരിഗണിക്കുന്നതല്ലെന്നും ഉത്തരവിൽ പറയുന്നു.

****************

## ഐഎസ്എൽ

ഐഎസ്എല്ലിൽ നാളെ കേരള ബ്ലാസ്റ്റേഴ്സ് - ഈസ്റ്റ് ബംഗാൾ പോരാട്ടം. കൊൽക്കത്തയിലെ സാൾട്ട് ലേക്ക് സ്റ്റേഡിയത്തിൽ വൈകുന്നേരം 5 മണിക്കാണ് മത്സരം. നിലവിൽ പോയിന്റ് പട്ടികയിൽ കേരളം 13ാമതും ഈസ്റ്റ് ബംഗാൾ അഞ്ചാമതുമാണ്. നാളെ വൈകിട്ട് 7.30ന് നടക്കുന്ന രണ്ടാം മത്സരത്തിൽ ബംഗളൂരു മോഹൻബഗാനെ നേരിടും.

****************

## ഓഹരി-സ്വർണ്ണം

രാജ്യത്തെ ഓഹരി വിപണികളിൽ വൻ ഇടിവ്. സെൻസെക്സ് 1,470 പോയിന്റ് നഷ്ടത്തിൽ 74,563 ലും നിഫ്റ്റി 488 പോയിന്റ് ഇടിഞ്ഞ് 23,151 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണവില വീണ്ടും കുറഞ്ഞു. പവന് വില രാവിലെ ഒരു ലക്ഷത്തി 18,240 രൂപയായിരുന്നത് ഉച്ചയോടെ കുറഞ്ഞ് ഈ മാസത്തെ ഏറ്റവും താഴ്ന്ന നിരക്കായ ഒരു ലക്ഷത്തി 17,840 ൽ എത്തി. ഗ്രാമിന് 14,730 രൂപയാണ് വില.

****************

## താപനില

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ഇന്നും നാളെയും താപനില ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ആലപ്പുഴ, കോട്ടയം ജില്ലകളിൽ ഉയർന്ന താപനില 37 ഡിഗ്രി സെൽഷ്യസ് വരെയും കൊല്ലം, എറണാകുളം, തൃശൂർ, കോഴിക്കോട്, പാലക്കാട്, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ 36 ഡിഗ്രി സെൽഷ്യസ് വരെയും ഉയർന്നേക്കുമെന്ന് കാലാവസ്ഥ വിഭാഗം അറിയിച്ചു. ഉയർന്ന ചൂട്, സൂര്യാഘാതം, സൂര്യാതപം, നിർജലീകരണം തുടങ്ങി ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമാകുമെന്നതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും നിർദേശം നൽകിയിട്ടുണ്ട്.

****************

**********

***

RNU TVPM